(ബി) ഇതിൽ സർക്കാരിന്റെ ധനവിനിയോഗ കണക്കനുസരിച്ച് 36877.37 കോടി രൂപ ചെലവ് ചെയ്തു. 7718.82 കോടി രൂപ മിച്ചമുണ്ടായിട്ടുണ്ട്.

(സി) ഇല്ല. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി നൽകുന്ന ശുപാർശയുടെ അടിസ്ഥാനത്തിൽ അധിക ചെലവുകൾ ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ഡി) സാമ്പത്തിക വർഷത്തിന്റെ അവസാനത്തെ രണ്ട് പ്രവൃത്തി ദിവസങ്ങളിൽ എത്ര കേസുകൾക്കായി തുക ചെലവഴിച്ചു എന്ന് തിട്ടപ്പെടുത്തിയിട്ടില്ല.

(ഇ) വിവിധ ഗ്രാന്റുകളിലും ധനവിനിയോഗങ്ങളിലുമായി സറണ്ടർ ചെയ്യാത്തതായി 1078.83 കോടി രൂപ ഉണ്ട്.

(എഫ്) ഇല്ല.

(ജി) ഉണ്ട്.

(എച്ച്) സർക്കാരിന്റെ വിവിധ വകുപ്പുകളിൽ ധനവിനിയോഗ നിയന്ത്രണം ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത സി & എ.ജി. ശുപാർശ ചെയ്തിട്ടുണ്ട്. ധന പുനർവിനിയോഗം, സറണ്ടർ എന്നിവ സംബന്ധിച്ച ഉത്തരവുകൾ സാമ്പത്തിക വർഷത്തിന്റെ അവസാനം പുറപ്പെടുവിക്കുന്ന രീതി ഒഴിവാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

പാലക്കാട് ജില്ലയിൽ അനുവദിച്ച പ്രവൃത്തികൾ

164 (4518) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം.എൽ.എ. മാരുടെ സ്റ്റിമുലസ് പദ്ധതി, മലബാർ പാക്കേജ് എന്നീ പദ്ധതികളിൽ പാലക്കാട് ജില്ലയിൽ ഓരോ നിയോജകമണ്ഡലത്തിൽ അനുവദിച്ച വർക്കുകളുടെ പേരും തുകയും മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വർക്കുകൾ എന്നത്തേക്ക് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

എം.എൽ.എ.മാർക്ക് വികസന പ്രവർത്തനങ്ങൾക്ക് ഫണ്ട്

165 (4519) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രഷറി നിക്ഷേപങ്ങൾ ആകർഷിക്കുന്ന എം.എൽ.എ. മാർക്ക് നിക്ഷേപത്തുകയ്ക്ക് ആനുപാതികമായി വികസനപ്രവർത്തനങ്ങൾക്ക് ഫണ്ട് അനുവദിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏതെല്ലാം വികസന പ്രവർത്തനങ്ങൾക്കാണ് ഫണ്ട് അനുവദിക്കുക എന്ന് വ്യക്തമാക്കുമോ ;

(സി) ഇത്തരം നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനായി പത്രപരസ്യങ്ങൾ നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ;

(ഡി) കൂടുതൽ വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) ബഹുമാനപ്പെട്ട ധനകാര്യ വകുപ്പ് മന്ത്രി നിയമസഭയിൽ പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ എം.എൽ.എ.മാർ ക്യാൻവാസ് ചെയ്യുന്ന, മൂന്ന് വർഷവും അതിനു മുകളിലുമുള്ള ട്രഷറി സ്ഥിര നിക്ഷേപങ്ങൾക്ക് അതിന്റെ ഒന്നര ഇരട്ടി തുകയ്ക്കുള്ള വികസന പ്രവർത്തനങ്ങൾ, എം.എൽ.എ. യുടെ താല്പര്യപ്രകാരമുള്ള പദ്ധതികൾക്ക് അനുവദിക്കുന്നത് സംബന്ധിച്ച് 29-6-2010- ലെ സ.ഉ.(സാധാ) നം.5177/2010/ധന പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

(ബി) സ്ഥിരമായതും സുദീർഘവുമായ ആസ്തി സൃഷ്ടിക്കുന്ന പ്രോജക്ടുകളും വർക്കുകളും മാത്രമേ ഈ പദ്ധതിയിൻ കീഴിൽ പരിഗണിക്കുകയുള്ളൂ.

(സി) പരിഗണനയിലില്ല.

(ഡി) (1) എം.എൽ.എ.മാരുടെ പങ്കാളിത്തത്തോടുകൂടി സമാഹരിക്കപ്പെടുന്ന ട്രഷറി സ്ഥിരനിക്ഷേപങ്ങളുമായി നേരിട്ടു ബന്ധപ്പെടുത്തി ആയിരിക്കും ഈ പദ്ധതിയുടെ കീഴിൽ വരുന്ന പുതിയ പ്രോജക്ടുകൾക്ക് അനുമതി നൽകുന്നത്. ട്രഷറി സേവിംഗ്സ് ബാങ്ക് നിക്ഷേപങ്ങൾ ഇതിനായി പരിഗണിക്കുന്നതല്ല.

(2) എം.എൽ.എ.മാരുടെ ശ്രമഫലമായി ട്രഷറിയിൽ സമാഹരിക്കപ്പെടുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരങ്ങൾ കാലാകാലങ്ങളിൽ നിയോജകമണ്ഡലാടിസ്ഥാനത്തിൽ ക്രോഡീകരിക്കുന്നതാണ്. ഇതിനായി എം.എൽ.എ. മാരുടെ ശ്രമഫലമായി ട്രഷറിയിൽ സമാഹരിക്കപ്പെടുന്ന നിക്ഷേപങ്ങളുടെ വിവരങ്ങൾ ട്രഷറി ഡയറക്ടർ നിയോജകമണ്ഡലാടിസ്ഥാനത്തിൽ അതാതു മാസം ധനകാര്യവകുപ്പിനെ അറിയിക്കണമെന്ന് നിർദ്ദേശം നല്കിയിട്ടുണ്ട്.

(3) എം.എൽ.എ.മാരുടെ ശ്രമഫലമായി ട്രഷറിയിൽ സമാഹരിക്കുന്ന 3 വർഷം വരെയെങ്കിലും ദൈർഘ്യമുള്ള നിക്ഷേപങ്ങളെ മാത്രമേ ഈ പദ്ധതിയിൻ കീഴിൽ പരിഗണിക്കുകയുള്ളൂ.

(4) ഈ പദ്ധതിയിൻ കീഴിൽ എം.എൽ.എ.മാർ നിർദ്ദേശിക്കുന്ന പ്രോജക്ട്/വർക്ക് ബന്ധപ്പെട്ട വകുപ്പ്/ഏജൻസി തലത്തിൽ തരംതിരിക്കുകയും അത് നടപ്പിൽ വരുത്തുന്നതിനായി വിശദമായ എസ്റ്റിമേറ്റും പ്രോജക്ട് റിപ്പോർട്ടും തയ്യാറാക്കാനുള്ള നിർദ്ദേശസഹിതം ബന്ധപ്പെട്ട വകുപ്പ്/ഏജൻസിക്ക് അയയ്ക്കുകയും, തുടർന്ന് ഉത്തരവാദിത്തപ്പെട്ട അധികാരിയുടെ അംഗീകാരത്തോടുകൂടി

LIBRARY ARCHIVES Kerala Legislative Assembly

പ്രോജക്ട്/വർക്ക് എന്നിവയ്ക്ക് ആവശ്യമായ ഭരണാനുമതി, സാങ്കേതികാനുമതി തുടങ്ങിയവ പുറപ്പെടുവിക്കുന്നതുമാണ്.

(5) നാമമാത്രമായി ബഡ്ജറ്റിൽ തുക ഉൾക്കൊള്ളിച്ചിട്ടുള്ള പദ്ധതികൾക്ക് അധിക തുക ആവശ്യമെങ്കിൽ അനുമതിയുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് അനുവദിക്കുന്നതാണ്.

(6) സ്ഥിരമായതും സുദീർഘവുമായ ആസ്തി ഉളവാക്കുന്ന പ്രോജക്ടുകളും വർക്കുകളും മാത്രമേ ഈ പദ്ധതിയിൻ കീഴിൽ പരിഗണിക്കുകയുള്ളൂ.

വ്യാപാരമേഖലയുടെ വളർച്ചയ്ക്കും വികസനത്തിനും നടപടി

166 (4520) ശ്രീ. കെ. സി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ വ്യാപാര മേഖലയുടെ വളർച്ചയ്ക്കും വികസനത്തിനും വേണ്ടി സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

വ്യാപാരികളെ ശത്രുക്കളായി കാണാതെ വ്യാപാരി സൗഹൃദ സമീപനമാണ് വാണിജ്യ നികുതി വകുപ്പ് സ്വീകരിക്കുന്നത്. ചെക്ക്പോസ്റ്റിലെ അഴിമതി തടയുന്നതിനും വ്യാപാര മേഖലയുടെ സൗകര്യത്തിനുമായി 'അഴിമതിരഹിത വാളയാർ' പദ്ധതി നടപ്പിലാക്കി. ഈ പദ്ധതി മഞ്ചേശ്വരത്തേയ്ക്കും അമരവിള യിലേയ്ക്കും വ്യാപിപ്പിക്കുകയും ചെയ്തു. 2004-05 വരെയുള്ള വർഷത്തെ നികുതി കുടിശ്ശിക തീർപ്പാക്കുന്നതിനായി ആംനസ്റ്റി സ്കീം നടപ്പിലാക്കി. നികുതി അടയ്ക്കുന്നതിന്റെ സൗകര്യത്തിനായി ഇ-ഫയലിംഗ്, ഇ-പേയ്മെന്റ് എന്നിവ നടപ്പിലാക്കി. ചെക്ക്പോസ്റ്റുകളിലെ കാത്തുകിടപ്പ് ഒഴിവാക്കാനായി ഇ-ഡിക്ലറേഷൻ സംവിധാനം ഏർപ്പെടുത്തി. സി-ഫോറം ഡൗൺലോഡ് ചെയ്യാനുള്ള സൗകര്യം ഏർപ്പെടുത്തി. വ്യാപാര പ്രോത്സാഹനത്തിനായി ട്രേഡ് അവാർഡുകൾ ഏർപ്പെടുത്തി. വ്യാപാരികളുടെ ഉന്നമനത്തിനായി കേരള വ്യാപാരിക്ഷേമ ബോർഡിലെ അംഗങ്ങൾക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കി. ഇതിനു പുറമെ വ്യവസായ, വിനോദസഞ്ചാര വകുപ്പുകളുടെ സഹകരണത്തോടെ ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലും നടത്തി വരുന്നു.

പലിശരഹിത സൂക്ഷ്മ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

167 (4521) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പലിശയുടെ കെടുതിയിൽ നിന്നും ജനങ്ങളെ രക്ഷിക്കുന്നതിന് പലിശ രഹിത സൂക്ഷ്മസംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly